**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 561** **28-06-2022 - ൽ മറുപടിയ്ക്ക്**

**ഭെൽ-ഇ.എം.എൽ. കമ്പനി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് പ്രവർത്തിക്കുന്ന ഭെൽ-ഇ. എം. എൽ. കമ്പനി സംസ്ഥാനം ഏറ്റെടുത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; കെല്ലിന്റെ കീഴിൽ ലാഭകരമായി പ്രവർത്തിച്ചുവന്ന യൂണിറ്റ് ഭെൽ ഏറ്റെടുത്തതോടുകൂടി കമ്പനിയുടെ പ്രവർത്തനത്തിൽ പ്രതീക്ഷിച്ച പുരോഗതി കൈവരിക്കാൻ കഴിഞ്ഞിരുന്നോ;വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഉണ്ട്. കേരളാ ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡിന്റെ കീഴിൽ പ്രവർത്തിച്ചുവന്ന കാസർഗോഡ് യൂണിറ്റ്, ഭെൽ ഏറ്റെടുത്തെങ്കിലും പ്രതീക്ഷിച്ച പ്രവർത്തന പുരോഗതി കൈവരിക്കാൻ കഴിഞ്ഞിരുന്നില്ല.<br><br>ഭെൽ - ഇ എം എൽ-ന്റെ 2011 മുതൽ 2022 വരെയുള്ള വിറ്റുവരവ് സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത സ്ഥാപനം ഏറ്റെടുക്കുന്നതിന് അടിസ്ഥാനമായ സാഹചര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | ഭെൽ - ഇ എം എൽ-ന്റെ പ്രവർത്തനം വിലയിരുത്തിയ നീതി ആയോഗിന്റെ ശിപാർശ പ്രകാരം ഭെൽ-ന്റെ കൈവശമുള്ള ഭെൽ ഇ എം എൽ-ന്റെ ഓഹരികൾ വിറ്റഴിക്കാനുള്ള നടപടികളുടെ ഭാഗമായി കേരള സർക്കാരുമായി നടത്തിയ ചർച്ചകളുടെ ഫലമായി ടി ഓഹരികൾ ഏറ്റെടുക്കാനുള്ള സന്നദ്ധത കേരള സർക്കാർ അറിയിച്ചു.<br><br>2019 ജനുവരി മാസം മുതൽ കമ്പനി ജീവനക്കാരുടെ ശമ്പളം പൂർണമായും മുടങ്ങി. 2020 ലെ കോവിഡ്-19 മഹാമാരിയെ തുടർന്നുണ്ടായ ദേശീയ ലോക്ക്ഡൗണോട് കൂടി കമ്പനിയുടെ പ്രവർത്തനം പൂർണ്ണമായും നിലച്ചു. ശേഷം, കേരള സർക്കാർ ഒരു പുനരുദ്ധാരണ പാക്കേജ് പ്രഖ്യാപിക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ കമ്പനിയുടെ നവീകരണം നടത്തി 2022 ഏപ്രിൽ 1 ന് കെൽ ഇ എം എൽ ആയി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. |
| (സി) | സംസ്ഥാന സർക്കാർ ഇ. എം. എൽ. കമ്പനി ഏറ്റെടുത്തതു വഴി പ്രസ്തുത സ്ഥാപനത്തിലും തൊഴിൽ മേഖലയിലും എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ? | (സി) | സംസ്ഥാന സർക്കാർ ഭെൽ ഇ എം എൽ എന്ന കമ്പനി ഏറ്റെടുത്തത് വളരെയധികം സാധ്യതകളുള്ള പ്രസ്തുത കമ്പനി പൊതുമേഖലയിൽ തന്നെ നിലനിർത്തണമെന്ന ഉദ്ദേശത്തോടെ-യാണ്. |

| | | | |
|---|---|---|---|
| | | | അതുകൊണ്ടുതന്നെ വളരെ പുരോഗമനാത്മകമായ ഒരു പുനരുദ്ധാരണ പദ്ധതിയാണ് കമ്പനിക്ക് വേണ്ടി വിഭാവനം ചെയ്തിരിക്കുന്നത്. കമ്പനിയുടെ ഭാവി പ്രവർത്തനങ്ങൾ മുൻനിർത്തി ചർച്ചകളും അവലോകന യോഗങ്ങളും നടത്തി വരുന്നു. നിലവിലുള്ള കമ്പനിയുടെ ഉത്പന്ന-ങ്ങളുടെ കാലോചിതമായ പരി-ഷ്കരണവും, സാങ്കേതിക തികവാർന്ന ഉത്പന്ന/സേവന വൈവിധ്യവൽക്ക-രണവും ഇതിൽപ്പെടുന്നു.<br><br>പുനരുപയോഗിക്കാവുന്ന ഊർജ്ജ സ്രോതസ്സുകൾ അടിസ്ഥാനമാക്കിയ വൈദ്യുത വാഹനങ്ങൾക്ക് വേണ്ട ഘടകങ്ങളും, സൗരോർജ്ജ പ്ലാന്റുകളും സ്ഥാപിക്കുന്നതിനും, ഇന്ത്യൻ റെയിൽവേക്കും പ്രതിരോധാ-വശ്യങ്ങൾക്കുമുള്ള പലതരം ആൾട്ടർനേറ്ററുകളും ഉൾപ്പെടുന്നതാണ് പുതിയ ഉൽപ്പന്നങ്ങളുടെ ശ്രേണി. ഇവയ്ക്കു വേണ്ടിയുള്ള വിപണന മേഖലകളുടെ അന്വേഷണവും വിവിധ ഏജൻസികളുമായുള്ള ആശയവിനിമയങ്ങളും പുരോഗമിക്കുന്നു.<br><br>കമ്പനിയുടെ പ്രവർത്തനം പുന-രാരംഭിച്ചതിലൂടെ 100-ഓളം തൊഴിലാളി കുടുംബങ്ങളെ തൊഴിൽപരമായി സംരക്ഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ കമ്പനിയിൽ വിഭാവനം ചെയ്തിട്ടുള്ള വികസന പ്രവർത്തനങ്ങളിലൂടെ കൂടുതൽ ജോലി സാധ്യതയും ഉണ്ടാവുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| Particulars | | Turnover (Lakhs) |
| --- | --- | --- |
| സാമ്പത്തിക വർഷം | 2011 – 12 | 2113.76 |
| | 2012 – 13 | 2653.38 |
| | 2013 – 14 | 3702.97 |
| | 2014 – 15 | 2187.67 |
| | 2015 – 16 | 4095.59 |
| | 2016 – 17 | 3212.93 |
| | 2017 – 18 | 1442.49 |
| | 2018 – 19 | 1864.81 |
| | 2019 – 20 | 464.92 |
| | 2020 – 21 (Figures for 2020 – 21 is provisional) | 25.06 |

സെക്ഷൻ ഓഫീസർ